**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 9** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>ശബരിമലയിലെ അടിസ്ഥാനസൗകര്യ വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ടി. സൂരജ്

ശ്രീമതി ഉമ തോമസ്

ശ്രീ. സേനാപതി വേണു

ശ്രീ. എം. എം. നസീർ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** പമ്പയിലെയും സന്നിധാനത്തെയും മാലിന്യസംസ്കരണ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** പമ്പയിലെയും സന്നിധാനത്തെയും മാലിന്യസംസ്കരണ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സന്നിധാനത്ത് പ്രതിദിനം 1.5 TPD ശേഷിയുള്ള ബയോമെത്തനേഷൻ പ്ലാന്റിന്റെ നിർമ്മാണം വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പമ്പയിലും സന്നിധാനത്തും ശേഖരിക്കപ്പെടുന്ന പുനഃചംക്രമണ യോഗ്യമല്ലാത്ത മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിയുമായി കരാറിലേർപ്പെട്ട് ശാസ്ത്രീയമായി നീക്കം ചെയ്തു വരുന്നുണ്ടെന്നും മെറ്റൽ സ്ക്രാപ് മാലിന്യങ്ങൾ കൂടി നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിയുമായി കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ നടന്നു വരുന്നതായും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശാനുസരണം മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളും പ്ലാസ്റ്റിക് നിയന്ത്രണങ്ങളും കർശനമായി നടപ്പിലാക്കുന്നുണ്ടെന്നും കൂടാതെ പമ്പയിൽ ഭക്തർ ഉപേക്ഷിക്കുന്ന തുണി മാലിന്യം ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ടെൻഡർ നടപടികൾ നടന്നു വരുന്നുണ്ടെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

കൂടാതെ സത്രം-സന്നിധാനം കാനനപാത (12 കി.മീ.), അഴുതക്കടവ്-ചെറിയാനവട്ടം പരമ്പരാഗത പാത (18.25 കി.മീ.) എന്നീ പാതകളിലും, പമ്പ - സന്നിധാനം പാതയിൽ ഇരുവശത്തുമുള്ള വനത്തിൽ നിന്നും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ഇക്കോ-ഗാർഡുകളുടേയും ഇ.ഡി.സി. അംഗങ്ങളുടേയും സഹായത്തോടെ യഥാസമയം നീക്കം ചെയ്യുന്നുണ്ടെന്നും. കൂടാതെ തീർത്ഥാടന പാതയിൽ അയ്യപ്പ ഭക്തരുടെ അറിവിനായി മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും വനം വകുപ്പ് അറിയിച്ചിട്ടുണ്ട്.

**(ബി)** ശബരിമലയിലെ ആരോഗ്യ സേവനങ്ങൾ, അടിയന്തര ചികിത്സാ കേന്ദ്രങ്ങൾ, ആംബുലൻസ് സേവനങ്ങൾ എന്നിവ വികസിപ്പിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** ശബരിമല മണ്ഡല-മകരവിളക്ക് തീർഥാടനത്തോടനുബന്ധിച്ച് വർദ്ധിച്ചുവരുന്ന തീർഥാടകരുടെ തിരക്കും, ആരോഗ്യ അടിയന്തര സാഹചര്യങ്ങളും കണക്കിലെടുത്ത് ആരോഗ്യസേവനങ്ങളും അടിയന്തര ചികിത്സാ സംവിധാനങ്ങളും ശക്തിപ്പെടുത്തുന്നതിനായി ആരോഗ്യവകുപ്പും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും ഹോമിയോപതി വകുപ്പും, ഭാരതീയ ചികിത്സ വകുപ്പും വിവിധ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ആരോഗ്യ സ്ഥാപനങ്ങളുടെ ശൃംഖല ശക്തിപ്പെടുത്തി നിലക്കൽ, പമ്പ, നീലിമല, അപ്പാച്ചിമേട്, സന്നിധാനം, ചരൽമേട്, കരിമല എന്നിവിടങ്ങളിൽ ആശുപത്രികളും, കാർഡിയോളജി സെന്ററുകളും, ഡിസ്പെൻസറികളും പ്രവർത്തനസജ്ജമാക്കുന്നതും, പ്രധാന ആശുപത്രികളിൽ 24X7 അത്യാഹിത വിഭാഗവും ഒ.പി. സേവനങ്ങൾ ഉറപ്പാക്കുകയും പ്രവർത്തനത്തിനാവശ്യമായ വിവിധ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ, നേഴ്സിംഗ് ഓഫീസർമാർ, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ്, റേഡിയോഗ്രാഫർ, നേഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 2, ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, എന്നീ വിഭാഗങ്ങളിലെ ജീവനക്കാരെ സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയമിക്കുന്നതുമാണ്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിന്റെ വിവിധ ആശുപത്രി/സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങൾ അനുബന്ധമായി ചേർക്കുന്നു.

കൂടാതെ പമ്പയിൽ എമർജൻസി കൺട്രോൾ റൂം സജ്ജമാക്കുന്നതും, വിവിധ ഭാഷകളിൽ സംസാരിക്കുന്ന ജീവനക്കാരെ അവിടെ നിയോഗിക്കുന്നതും, മെഡിക്കൽ എമർജൻസി അറിയിക്കുന്നതിനായി ടോൾ ഫ്രീ നം സജ്ജമാക്കുന്നതുമാണ്.

ശബരിമല മണ്ഡല- മകരവിളക്ക് തീർത്ഥാടനകാലത്തോടനുബന്ധിച്ച് ആകെ 31 ആംബുലൻസുകളും മൊബൈൽ മെഡിക്കൽ യൂണിറ്റിനു വേണ്ടി 5 പാസഞ്ചർ വാഹനങ്ങളും 3 ദ്രുത ആംബുലൻസുകളും ആരോഗ്യ വകുപ്പ് സജ്ജമാക്കുന്നതും, മകരവിളക്കിനോടനുബന്ധിച്ച് പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർ ആവശ്യപ്പെടുന്ന എണ്ണം ആംബുലൻസുകൾ മറ്റ് ജില്ലകളിലെ ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും വിട്ട് നൽകുന്നതുമാണ്. കൂടാതെ ശബരിമലയിൽ ഓഫ് റോഡ് ആംബുലൻസ് സേവനം വനം വകുപ്പും തിരുവിതാംകൂർ ദേവസ്വം ബോർഡും ഒരുക്കുന്നതാണ്.

ടെക്നിക്കൽ അസിസ്റ്റന്റ്, ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, വെക്ടർ കൺട്രോൾ യൂണിറ്റ് എന്നിവയുടെ നേതൃത്വത്തിൽ, 2026 നവംബർ 1 മുതൽ പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിൽ ദിവസേന ഫീൽഡ് വിസിറ്റ്, ഹോട്ടൽ പരിശോധന, ജലജന്യ രോഗങ്ങൾ തുടങ്ങിയ പകർച്ച വ്യാധികൾക്കെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ, ഇതര വകുപ്പുകളിൽ നിന്നും നിയോഗിക്കപ്പെടുന്ന ജീവനക്കാർക്കു ബോധവൽക്കരണ ക്ലാസ്സ്, സി.പി.ആർ. ട്രെയിനിംഗ് എന്നിവ നൽകുന്നതാണ്. കൂടാതെ കൊതുകുജന്യ രോഗങ്ങൾ തടയുന്നതിന് ഫോഗിംഗ് ഉൾപ്പെടെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ, മലമ്പനി, മന്ത് രോഗം എന്നിവ കണ്ടെത്തുന്നതിനുള്ള രക്തപരിശോധനയും ചികിത്സയും നൽകുന്നതും കൂടാതെ തീർത്ഥാടനകാലത്തിന് മുന്നോടിയായി ശബരിമലയിലും പരിസരപ്രദേശങ്ങളിലുമുള്ള കുടിവെള്ള സ്രോതസ്സ് പരിശോധനയും ക്ലോറിനേഷനും നടത്തുന്നതുമാണ്.

2026-2027 ശബരിമല മഹോൽസവവുമായി ബന്ധപ്പെട്ട ബേസ് ഹോസ്പിറ്റലായി കോന്നി സർക്കാർ മെഡിക്കൽ കോളേജും റഫറൽ ആശുപത്രിയായി കോട്ടയം സർക്കാർ മെഡിക്കൽ കോളേജും പ്രവർത്തിക്കുന്നതാണ്. കോന്നി സർക്കാർ മെഡിക്കൽ കോളേജിൽ അധിക ജീവനക്കാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ 2026-27 വർഷത്തെ ശബരിമല മഹോൽസവത്തോടനുബന്ധിച്ചു അടിയന്തര സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്നതിന് വേണ്ടി ആലപ്പുഴ, കോട്ടയം, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ

അടിയന്തരമായി ഒരു Disaster Response Team രൂപീകരിക്കുന്നതിനുള്ള നിർദേശവും പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

ശബരിമലയിൽ എത്തിച്ചേരുന്ന ഭക്തരുടെ ആരോഗ്യ സുരക്ഷയ്ക്കും അടിയന്തര സാഹചര്യങ്ങളിൽ വൈദ്യ സഹായം ലഭ്യമാക്കുന്നതിനും വേണ്ടി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ കാർഡിയോളജി, പൾമണറി, ജനറൽ മെഡിസിൻ വിഭാഗങ്ങളിൽ നിന്നും പുരുഷ ഡോക്ടർമാരെ ശബരിമല സന്നിധാനം, അപ്പാച്ചിമേട്, നീലിമല, പമ്പ എന്നിവിടങ്ങളിൽ നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു സംസ്ഥാന നോഡൽ ഓഫീസറെയും ബേസ് ആശുപത്രിയുടെയും റഫറൽ ആശുപത്രിയുടെയും മേൽ നോട്ടം വഹിക്കുന്നതിനായി 3 Institutional Level നോഡൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്. മറ്റ് മെഡിക്കൽ കോളേജുകളിൽ സ്ഥാപന തല നോഡൽ ഓഫീസറെ നിയമിക്കുന്നതിനുള്ള നിർദേശം ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് നൽകിയിട്ടുണ്ട്.

ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് തീർത്ഥാടകർക്ക് മതിയായ ആയുഷ് ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനായി നാഷണൽ ആയുഷ് മിഷന്റെ നേതൃത്വത്തിൽ ഭാരതീയ ചികിത്സാ വകുപ്പിന്റെയും ഹോമിയോപ്പതി വകുപ്പിന്റെയും സ്ഥാപനങ്ങൾ മുഖേന ആവശ്യമായ ജീവനക്കാരുടെ സേവനം ഉറപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സന്നിധാനം, പമ്പ എന്നിവിടങ്ങളിൽ ഭാരതീയ ചികിത്സ വകുപ്പിന്റെ താത്കാലിക ആയുർവേദ ഡിസ്പൻസറികൾ പ്രവർത്തിപ്പിക്കുന്നതാണ്. സന്നിധാനം താത്ക്കാലിക ഡിസ്പെൻസറിയിൽ 7 മെഡിക്കൽ ഓഫീസർമാർ, 10 പാരാമെഡിക്കൽ ജീവനക്കാർ, 3 ശുചീകരണ ജീവനക്കാർ എന്നിവരും പമ്പ താത് കാലിക

ഡിസ്പൻസറിയിൽ 4 മെഡിക്കൽ ഓഫീസർമാർ 5 പാരാമെഡിക്കൽ ജീവനക്കാർ, 2 ശുചീകരണ ജീവനക്കാർ എന്നിവരും അടങ്ങുന്ന സംഘത്തെ നിയമിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹോമിയോപ്പതി വകുപ്പിന്റെ താൽക്കാലിക ഹോമിയോ ഡിസ്പെൻസറികളായ പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ വകുപ്പിലെ പുരുഷ ജീവനക്കാതെ 7 ഘട്ടങ്ങളിലായി ഡ്യൂട്ടിക്ക് നിയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സന്നിധാനം, പമ്പ താൽകാലിക ഡിസ്പൻസറികളുടെ പ്രവർത്തനങ്ങൾക്കായി നാഷണൾ ആയുഷ് മിഷൻ ഫണ്ട് വിനിയോഗിച്ച് 1,49,66,830/- രൂപയുടെ ഔഷധങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതാണ്. മറ്റ് കണ്ടിജൻസി ചെലവുകൾക്കായി വകുപ്പിലെ പ്ലാൻ ഫണ്ട് മുഖേന 22,00,000/-രൂപയും അനുവദിച്ചിട്ടുള്ളതാണ്.

**(സി)** ശബരിമല വികസനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്താൻ പ്രത്യേക സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ?

**മറുപടി:** ശബരിമലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ 2006-ൽ തയ്യാറാക്കി, സ.ഉ.(കൈ) നം. 146/2007/RD തീയതി 03.05.2007 ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് വിശദമായ ലേഔട്ട് പ്ലാൻ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് തയ്യാറാക്കി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. നിലക്കൽ, പമ്പ, ശബരിമല സന്നിധാനം എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വരുന്നത് പ്രസ്തുത ലേഔട്ട് പ്ലാനിനു വിധേയമായിട്ടാണ്. ബഹു. കേരള ഹൈക്കോടതി രൂപീകരിച്ച

ഉന്നതാധികാര സമിതിയാണ് ശബരിമല മാസ്റ്റർപ്ലാനിലുൾപ്പെട്ട വികസന പദ്ധതികൾ മുൻഗണനാക്രമത്തിൽ ആവിഷ്കരിക്കുന്നത്. ശബരിമല മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

2026-27 വർഷത്തെ ശബരിമല മണ്ഡല- മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളും തിരുവിതാംകൂർ ദേവസ്വം ബോർഡും നടത്തിയ മുന്നൊരുക്ക പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും തുടർ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09.07.2026, 14.08.2026 തീയതികളിലും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11.09.2026 തീയതിയിലും ബന്ധപ്പെട്ട വകുപ്പുകളുമായി യോഗങ്ങൾ ചേർന്ന് തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11.09.2026-ന് ചേർന്ന ഉന്നതതല യോഗത്തിൽ തീർത്ഥാടനവുമായി ബന്ധപ്പെട്ട എല്ലാ മുന്നൊരുക്ക പ്രവർത്തനങ്ങളും 31.10.2026 -നകം നിർബന്ധമായും പൂർത്തിയാക്കണമെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹു. മുഖ്യമന്ത്രിയുടെ തുടർ അവലോകന യോഗത്തിന് മുന്നോടിയായി, ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളിന്മേലുള്ള നടപടികളുടെ പുരോഗതി വിലയിരുത്തുന്നതിനും പ്രവർത്തനസജ്ജത ഉറപ്പാക്കുന്നതിനുമായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 28.09.2026-ന് ഉന്നതതല യോഗം ചേർന്നിരുന്നു. ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ തുടർ അവലോകന യോഗം 14.10.2026 തീയതിയിലും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള തുടർ അവലോകന യോഗം 17.10.2026-ന് പമ്പയിൽ വച്ചും നടത്തുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

**1. പ്രാഥമികാരോഗ്യകേന്ദ്രം. നിലയ്ക്കൽ**

രണ്ട് മെഡിക്കൽ ഓഫീസർ, രണ്ട് നേഴ്സിംഗ് ഓഫീസർമാർ, ഒരു നേഴ്സിംഗ് അസിസ്റ്റന്റ് , ഒരു ഫാർമസിസ്റ്റ് , ഒരു ക്ലാർക്ക് എന്നീ സ്ഥിരം ജീവനക്കാർക്കു പുറമേ മണ്ഡല മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായി സ്പെഷ്യലിസ്റ്റ് മെഡിക്കൽ വിഭാഗത്തിലുള്ള ഫിസിഷ്യൻ-1, ഓർത്തോ-1, അസിസ്റ്റന്റ് സർജൻ- 3, മെഡിക്കൽ ഓഫീസർ ഇൻ-ചാർജ്ജ്-1, സ്റ്റാഫ് നേഴ്സ്-3, ഫാർമസിസ്റ്റ്-3, ലാബ് ടെക്നീഷ്യൻ-2, നേഴ്സിംഗ് അസിസ്റ്റന്റ് -2, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-II- 2, പബ്ലിക്ക് ഹെൽത്ത് വിഭാഗത്തിലുള്ള ഒരു ഹെൽത്ത് ഇൻസ്പെക്ടർ, രണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നീ തസ്തികകളിലുള്ള ജീവനക്കാരെ സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിക്കുന്നതാണ്. ടി സ്ഥാപനത്തിൽ മൂന്ന് ICU ബെഡ്ഡുകൾ ഉൾപ്പെടെ 12 കിടക്കകളും, ലാബ്, ഇ.സി.ജി. വെന്റിലേറ്റർ എന്നീ സൗകര്യങ്ങൾ സജ്ജമാക്കുന്നതാണ്. ആവശ്യമായ മരുന്നുകളും ഹൃദയാഘാതത്തിന് ഉപയോഗിക്കുന്ന Strepto Kinase, പേവിഷബാധക്കെതിരെയുള്ള IDRV, ERIG, പാമ്പ്കടിയേറ്റവർക്ക് നൽകുന്ന Anti Snake Venom എന്നിവയും ലഭ്യമാക്കുന്നതാണ്.

**2. ഗവ. ആശുപത്രി. പമ്പ**

ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവത്തിനോടനുബന്ധിച്ച് നവംബർ-1 മുതൽ ജനുവരി 31 വരെ പ്രവർത്തന സജ്ജമാക്കുന്നതാണ്. ഇവിടെ 6 ഐ.സി.യു കിടക്കകൾ ഉൾപ്പെടെ 31 കിടക്കകളും, ഓപ്പറേഷൻ തിയേറ്റർ , ലാബ്., ഇ.സി.ജി, 2 വെന്റിലേറ്റർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ സജ്ജീകരിക്കുന്നതാണ് .

കാർഡിയോളജിസ്റ്റ്-1, ഓർത്തോ-1, ഫിസിഷ്യൻ-1, സർജൻ-1, അനസ്തേഷ്യ-1, അസിസ്റ്റന്റ് സർജൻ-7, ചാർജ്ജ് മെഡിക്കൽ ഓഫീസർ-1 എന്നീ വിഭാഗത്തിലുള്ള 8 മെഡിക്കൽ ഓഫീസർമാരെയും സ്റ്റാഫ് നേഴ്സ്-6, ഫാർമസിസ്റ്റ്-5, ലാബ് ടെക്നീഷ്യൻ-2, നേഴ്സിംഗ് അസിസ്റ്റന്റ്-3, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II-6, റേഡിയോഗ്രാഫർ-2, ഹെൽത്ത് സൂപ്പർവൈസർ-1, ഹെൽത്ത് ഇൻസ്പെക്ടർ-1, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ-2, ക്ലർക്ക്-2, ഓഫീസ് അറ്റന്റന്റ്-1 . ടി ജീവനക്കാരെ സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിക്കുന്നതാണ്.

ഈ ആശുപത്രിയിൽ ഹൃദയാഘാതത്തിന് ഉപയോഗിക്കുന്ന Strepto Kinase, പേവിഷബാധക്കെതിരെയുള്ള IDRV, ERIG, പാമ്പ്കടിയേറ്റവർക്ക് നൽകുന്ന Anti Snake Venom എന്നിവയും ക്രമീകരിക്കുന്നതാണ്.

3. **കാർഡിയോളജി സെന്റർ. നീലിമല**

നവംബർ 15 മുതൽ ജനുവരി 21 വരെ തുറന്ന് പ്രവർത്തിക്കുന്നതാണ്.

ഒരു ഐ.സി.യു കിടക്ക ഉൾപ്പെടെ 3 കിടക്കകളും ഇ.സി.ജി, 2 വെന്റിലേറ്റർ എന്നിവ സജ്ജമാക്കുന്നതും കാർഡിയോളജിസ്റ്റ് 1, ഫിസിഷ്യൻ-1, അസിസ്റ്റന്റ് സർജൻ-2, ചാർജ്ജ് മെഡിക്കൽ ഓഫീസർ - 1എന്നിവരും ഫാർമസിസ്റ്റ്-2, നേഴ്സിംഗ് ഓഫീസർ-3, നേഴ്സിംഗ് അസിസ്റ്റന്റ്-2. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-11- 2, എന്നീ വിഭാഗം ജീവനക്കാരെയും സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിക്കുന്നതും, ഹൃദയാഘാതത്തിന് ഉപയോഗിക്കുന്ന Strepto Kinase, പേവിഷബാധക്കെതിരെയുള്ള IDRV, ERIG, പാമ്പ്കടിയേറ്റവർക്ക് നൽകുന്ന Anti Snake Venom എന്നിവയും അതുകൂടാതെ ആവശ്യമായ മരുന്നുകളും ക്രമീകരിക്കുന്നതാണ്.

**4. കാർഡിയോളജി സെന്റർ അപ്പാച്ചിമേട്.**

നവംബർ 15 മുതൽ ജനുവരി 21 വരെ തുറന്ന് പ്രവർത്തിക്കുന്നതാണ്.

രണ്ട് കിടക്കകൾ , ഇ.സി.ജി, 2 വെന്റിലേറ്റർ എന്നിവ സജ്ജമാക്കുന്നതും,

കാർഡിയോളജിസ്റ്റ് 1, ഫിസിഷ്യൻ-1, അസിസ്റ്റന്റ് സർജൻ-2, ചാർജ്ജ് മെഡിക്കൽ ഓഫീസർ-1 , ഫാർമസിസ്റ്റ്-2, നേഴ്സിംഗ് ഓഫീസർ-3, നേഴ്സിംഗ് അസിസ്റ്റന്റ്-2. ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് I- 2, എന്നീ വിഭാഗം ജീവനക്കാരെയും

സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിക്കുന്നതും, ഹൃദയാഘാതത്തിന് ഉപയോഗിക്കുന്ന Strepto Kinase, പേവിഷബാധക്കെതിരെയുള്ള IDRV, ERIG, പാമ്പ്കടിയേറ്റവർക്ക് നൽകുന്ന Anti Snake Venom എന്നിവയും അതുകൂടാതെ ആവശ്യമായ മരുന്നുകളും ക്രമീകരിക്കുന്നതാണ്.

**5. ഗവ. ആശുപത്രി. സന്നിധാനം**

നവംബർ 1 മുതൽ ജനുവരി 21 വരെ തുറന്ന് പ്രവർത്തിക്കുന്നതാണ്.

5 ഐ.സി.യു കിടക്കകൾ ഉൾപ്പെടെ 23 കിടക്കകളും ഓപ്പറേഷൻ തിയേറ്ററും ലാബും എക്സ്റേ. ഇ.സി.ജി. എക്കോ എന്നീ സംവിധാനങ്ങളും സജ്ജീകരിക്കുന്നതും, കാർഡിയോളജിസ്റ്റ്-1, ഓർത്തോപീഡിഷ്യൻ-1, ഫിസിഷ്യൻ-2, സർജൻ-1, അനസ്തേഷ്യ-1, അസിസ്റ്റന്റ് സർജൻ-2, ചാർജ്ജ് മെഡിക്കൽ ഓഫീസർ-1 എന്നീ വിഭാഗത്തിലുള്ള 8 മെഡിക്കൽ ഓഫീസർമാരെയും സ്റ്റാഫ് നേഴ്സ്-5, ഫാർമസിസ്റ്റ്-5, ലാബ് ടെക്നീഷ്യൻ-2, നേഴ്സിംഗ് അസിസ്റ്റന്റ്-3, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II- 4, റേഡിയോഗ്രാഫർ-2, ഹെൽത്ത് ഇൻസ്പെക്ടർ-1, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ-2, ടി ജീവനക്കാരെ സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിക്കുന്നതും, ഹൃദയാഘാതത്തിന് ഉപയോഗിക്കുന്ന Strepto Kinase, പേവിഷബാധക്കെതിരെയുള്ള IDRV, ERIG, പാമ്പ്കടിയേറ്റവർക്ക് നൽകുന്ന Anti Snake Venom എന്നിവയും അതുകൂടാതെ ആവശ്യമായ മരുന്നുകളും ക്രമീകരിക്കുന്നതാണ്.

**6. താൽക്കാലിക ഡിസ്പെൻസറി. ചരൽമേട്**

നവംബർ 14 മുതൽ ജനുവരി 21 വരെ തുറന്ന് പ്രവർത്തിക്കുന്നതാണ്.

അസിസ്റ്റന്റ് സർജൻ- 2, ഫാർമസിസ്റ്റ്- 2, നേഴ്സിംഗ് ഓഫീസർ- 2, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II-2 എന്നീ വിഭാഗം ജീവനക്കാരെ സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിക്കുന്നതും, ഒരു ഒബ്സർവേഷൻ ബെഡ്ഡും ഇ.സി.ജി മെഷീനും ഹൃദയാഘാതത്തിന് ഉപയോഗിക്കുന്ന Strepto Kinase, പേവിഷബാധക്കെതിരെയുള്ള IDRV, ERIG, പാമ്പ്കടിയേറ്റവർക്ക് നൽകുന്ന Anti Snake Venom എന്നിവയും അതുകൂടാതെ ആവശ്യമായ മരുന്നുകളും ക്രമീകരിക്കുന്നതാണ്.

**7.താൽക്കാലിക ഡിസ്പെൻസറി. കരിമല**

ജനുവരി 1 മുതൽ ജനുവരി 14 വരെ തുറന്ന് പ്രവർത്തിക്കുന്നതാണ്.

അസിസ്റ്റന്റ് സർജൻ 1 ,ഫാർമസിസ്റ്റ്-1, നേഴ്സിംഗ് ഓഫീസർ- 1 ,ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II- 1 എന്നീ വിഭാഗം ജീവനക്കാരെ സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിക്കുന്നതും ,ഒരു ഒബ്സർവേഷൻ ബെഡ്ഡും ഇ.സി.ജി മെഷീനും ഹൃദയാഘാതത്തിന് ഉപയോഗിക്കുന്ന Strepto Kinase, പേവിഷബാധക്കെതിരെയുള്ള IDRV, ERIG, പാമ്പ്കടിയേറ്റവർക്ക് നൽകുന്ന Anti Snake Venom എന്നിവയും അതുകൂടാതെ ആവശ്യമായ മരുന്നുകളും ക്രമീകരിക്കുന്നതാണ്.

**ടി ആശുപത്രികൾക്കു പുറമേ ചുവടെ പറയുന്ന 22 സ്ഥലങ്ങളിൽ അത്യാഹിത വൈദ്യസഹായ കേന്ദ്രവും സജ്ജീകരിക്കുന്നതാണ്.**

1. Neelimala Bottom

2. Neelimala Middle

3. Neelimala Top

4. Appachimed Bottom

5. Appachimed Middle,

6. Appachimed Top

7. Forestic Camp Shed,

8. Marakkoottam

9. Queue Complex 2,

10. Queue Complex SM1,

11. Saramkuthi

12. Vavarunada,

13. Sopanam

14. Pandithavalam,

15. Charalmed Top

16. Forest EMC,

17. Charalmed Bottom

18. Valiyanavattom

19. Karimala

20.Manjappodithattu

21.Kariyilamthodu

22.Kallidamkunnu

ടി കേന്ദ്രങ്ങളിൽ പരിശീലനം ലഭിച്ച സ്റ്റാഫ് നേഴ്സുമാരുടെ സേവനം 24x7 രീതിയിൽ പ്രവർത്തനസജ്ജമാക്കുന്നതിനോടൊപ്പം, Basic Life Support , രക്തസമ്മർദ്ദം, രക്തത്തിലെ പഞ്ചസാരയുടെയും ഓക്സിജന്റെയും അളവ് പരിശോധന, Nebulisation , oxygenനൽകൽ,

മുറിവുകൾക്ക് നൽകുന്ന പ്രാഥമിക ചികിത്സ, Automatic External Defibrillator എന്നീ സേവനങ്ങളും നൽകുന്നതാണ്.